മാതൃഭൂമി

14 March 2018

# 13 രാജ്യങ്ങളിലെ പ്രതിനിധികൾക്ക് സി.എം.എഫ്.ആർ.ഐ.യിൽ പരിശീലനം

**കൊച്ചി** ▸ ആഫ്രിക്കൻ ഏഷ്യൻ റൂറൽ ഡവലപ്മെൻറ് ഓർഗനൈസേഷനിലെ (എ.എ.ആർ.ഡി.ഒ.) 13 രാജ്യങ്ങളിലെ ഗവേഷകരെ പരിശീലിപ്പിക്കുന്നതിനുള്ള രാജ്യാന്തര ശിൽപ്പശാല ബുധനാഴ്ച മുതൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ.) ആരംഭിക്കും. രാവിലെ 10.30 ന് നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ എ.എ.ആർ.ഡി.ഒ. സെക്രട്ടറി ജനറൽ വാസി ഹസൻ അൽ ഷ്റൈൻ മുഖ്യാതിഥിയാകും. കുഫോസ് വൈസ് ചാൻസലർ ഡോ. എ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും.

രണ്ടാഴ്ചത്തെ ശില്പശാലയിൽ തയ്‌വാൻ, ഇറാഖ്, ജോർദാൻ, ലെബനൻ, ഒമാൻ, പലസ്തീൻ, സുഡാൻ, ടുണീഷ്യ, മലേഷ്യ, മലാവി, ലിബിയ, മൗറീഷ്യസ്, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും.

ഇന്ത്യയുടെ മത്സ്യഗവേഷണ വികസന മേഖലകളെക്കുറിച്ചാണ് പരിശീലനം.